## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *T.437 05.02.2014 ലെ മറുപടിയ്ക്ക്

## തരിശ് രഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന തരിശുഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത ഭൂമി കൃഷി യോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ കൃഷി ചെയ്യാൻ കഴിഞ്ഞ തരിശ് ഭൂമിയുടെ അളവെത്ര; വ്യക്തമാക്കാമോ; | (എ) കണക്കാക്കിയിട്ടുണ്ട്. ആകെ 1,53,107 ഹെക്ടർ തരിശു ഭൂമി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൃഷിക്ക് ഉപയുക്തമായ തരിശുഭൂമി 95,437 ഹെക്ടറും, തൽക്കാല തരിശല്ലാത്ത മറ്റിനം തരിശ് 57,670 ഹെക്ടറുമാണ്. 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ തരിശു ഭൂമിയും 2012-2013 വർഷം 1373.4 ഹെക്ടർ തരിശുഭൂമിയും നെൽകൃഷിയോഗ്യമാക്കാൻ സാധിച്ചു. കൂടാതെ 2011-12 ൽ 691 ഹെക്ടറും 2012-13 ൽ 2574.8 ഹെക്ടറും തരിശു ഭൂമി പച്ചക്കറി, വാഴ, കിഴങ്ങു വിളകൾ എന്നിവയിൻ കീഴിൽ കൊണ്ടു വരുവാൻ കഴിഞ്ഞു.<br>a) 2013-2014 വർഷം 1636 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു<br>b) 2013-2014 വർഷത്തിൽ തരശു നില കൃഷി പദ്ധതിയിൽ 1316 ഹെക്ടറിൽ പച്ചക്കറി കൃഷിയും, 670 ഹെക്ടറിൽ വാഴയും 264 ഹെക്ടറിൽ കിഴങ്ങു വിളകളും കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) സ്വകാര്യ വ്യക്തികളുടെ കൈവശം തരിശുഭൂമിയുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തരിശുഭൂമിയുടെ പ്രത്യേക കണക്ക് ലഭ്യമല്ല. |

| | |
|---|---|
| **(സി)** തരിശ് രഹിത കേരളം പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാം; പ്രസ്തുത പദ്ധതി വിജയം കണ്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | **(സി)** a) തരിശു രഹിത കേരളം പദ്ധതിയിലൂടെ നെൽ കൃഷി വികസനത്തിനായി തരിശു കൃഷി (സുസ്ഥിര നെൽകൃഷി) തരിശു നില നെൽകൃഷി (വനിതാഗ്രൂപ്പ് വഴി) തരിശുനില നെൽകൃഷി (കുട്ടനാട് പാക്കേജ്) തരിശു നില നെൽകൃഷി (കോൺട്രാക്ട് ഫാമിംഗ്, ആർ.കെ.വി.വൈ.കരാർ കൃഷി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള തരിശ് നെൽകൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി വിജയകരമായിരുന്നു. 2011-2012, 2012-2013 എന്നീ വർഷങ്ങളിലായി 4780.4 ഹെക്ടർ തരിശു ഭൂമി നെൽകൃഷിയോഗ്യമാക്കാൻ സാധിച്ചതുവഴി 14341 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. അതിലുപരി ഈ ഭൂമിയിൽ നെൽകൃഷി തുടർച്ചയായി നടപ്പിലാക്കാനും അതുവഴി സംസ്ഥാനത്തെ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണത്തിൽ കുറവ് വരുന്നത് ഒരു പരിധിവരെ നികത്താനും സാധിക്കുന്നു.<br>b) 2011-12, 2012-13 എന്നീ വർഷങ്ങളിലായി ആർ.കെ.വി.വൈ.കരാർ കൃഷി പ്രകാരം ആകെ 3265.8 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി, വാഴ, കിഴങ്ങു വിളകൾ എന്നിവ കൃഷി ചെയ്ത് 49898 മെട്രിക് ടൺ ഉല്പാദനം ഉണ്ടായി. |

സെക്ഷൻ ഓഫീസർ